**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഡെബ്റ്റ് മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടങ്ങൾ കുറച്ചു കൊണ്ടു വരുവാനും പലിശഭാരം കുറയ്ക്കാനും സംസ്ഥാനത്ത് ഡെബ്റ്റ് മാനേജ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം നിജപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമായ സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമാണ് സംസ്ഥാനം കടമെടുക്കുന്നത്. അപ്രകാരം എടുക്കുന്ന വായ്പയുടെ പലിശഭാരം ലഘൂകരിക്കുന്നതിനും വായ്പകളുടെ മുതൽ തിരിച്ചടവ് പല വർഷങ്ങളിൽ ക്രമീകരിക്കുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുപോരുന്നുണ്ട്. അതേസമയം, Market Conditions, നിക്ഷേപകരുടെ താല്പര്യങ്ങൾ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അടക്കമുള്ള ഘടകങ്ങളും വായ്പാ തിരിച്ചടവ് ഇനത്തിലെ ചെലവുകളെ ബാധിക്കുന്നുണ്ട്. ഇതിലുപരിയായി പ്രകൃതി ക്ഷോഭങ്ങളും കോവിഡ് മഹാമാരിയും പോലുള്ള അപ്രതീക്ഷിത ആഘാതങ്ങൾ ആഭ്യന്തര മൊത്ത ഉല്പാദനത്തിലും റവന്യൂ വരുമാനത്തിലും ഉണ്ടാക്കുന്ന പ്രതികൂല ഫലങ്ങൾ കടത്തിന്റെ സ്ഥായിയായ പരിപാലനം എന്ന ഉദ്യമത്തെ പിറകോട്ടടിക്കുന്നുവെന്നത് വസ്തുതയാണ്. |

സെക്ഷൻ ഓഫീസർ